KCS NEWS

KNANAYA CATHOLIC SOCIETY OF CHICAGO
5110 Elston Ave. Chicago, IL 60630. Tel:(773) 736-7611
*A NOT FOR PROFIT ORGANISATION*

*Patron: Rev. Dr. Kuriakose Kunnacherry*
*President:Dr.Mathew Joseph Thirunelliparambil*

Spritual director
*Rev. Fr. Philip Thodukayil*
*Phone (773) 509-9147*

**FEBRUARY-2004**

# "season of Lent - prayers & Penance"

Mar Abraham Viruthikulangara



**Mar Abraham Viruthikulangara**

Dear Brothers and Sisters,

Greetings for a blessed and grace filled season of Lent which we have just begun. Let us use this acceptable time or day of salvation usefully as St Paul tells us (2nd Cor. 6.2)

Definitely Lent is a time to make good for our mistakes, and above all to turn back to God in repentance. One of the ways of doing that is fast and abstinence which has great significance in Indian context. There are many other practices that help us very much for a meaningful observance of Lent, like spending more time in prayer, reading of Word of God and charitable services. It is for each one to look for meaningful practices so that the spirit of lent is inculcated in action during the whole Lent.

The Holy Father Pope John Paul IInd in his letter for Lent has the theme "whoever receives one such child in my name receives me" (Mt 18:5) In his Lenten message he invites us to reflect on the condition of children. Jesus continues to call them to himself and to set them as an example to all those who wish to be his disciples. Jesus' words call upon us to see how children are treated in our families and in civil society and in the church. Jesus had particular love for children because of "their simplicity, their joy of life their spontaneity and their faith filled with wonder" Alongside children, Jesus sets 'very least of the brethren", the suffering, the needy, the hungry and thirsty, strangers, the naked, the sick and the imprisoned. In welcoming them, and loving them, or in treating them with indifference and contempt, we show them our attitude towards him, for it is in them that he is particularly present.

The message of the Holy Father should make us reflect on our attitude towards children and less privileged people, and try to create a positive attitude in our life. The time of Lent should be a special time of concern for those in need.

Campaign against Hunger and Disease. In continuation with the reflection of the Holy Father, Lent is a time traditionally we make sacrifices for the less privileged people, especially for the hungry and diseased. Our annual collection for this cause has only a scarce increase over the years. I would highly encourage making meaningful sacrifices and sending the proceeds to the Social Service Society at your earliest. The little sacrifice we make can mean a lot to others.

8th March is International Women's Day. However in India church celebrates it on 7th the 2nd Sunday in Lent. A special liturgy prepared for the day is available. Please make some efforts to highlight the plight of women, and to help them to take their rightful place in the family, the church and the society.

of the liturgical sense we ought to have.

As you are aware from media, our country is going through a lot of turmoil and unrest due to the planned propaganda of some sections of our people. The coming elections will be very crucial for the future of our nation. Let us pray that people who believe and uphold our constitution and respect secular nature of our country come to power to govern our country. Let us keep our people and our country in our prayers during Lent..

Wishing all you a grace filled season of Lent, praying for you,

Yours fraternally, Archbishop of Nagpur.

Board of Directors

**Executive Board**

Dr. Mathew Thirunelliparampil (President)
847-486-0946 / 773-718-1882
Jose Pinarkayil (Vice President)
847-832-1902 /847-226-9069
Joys Puthenparambil (secretary)
847-465-8322 /847-323-0844
Sunny Mundaplackil (Joint Secretary)
630-993-0677 / 630-776-1149
Shiju Cheriaythil (Treasurer)
847-253-1351 / 847-341-1088

**Legislative Board**

Sabu Kalapurackal(Chairman) 847-982-0071
Nancy Chackungal (vice Chairman)
Thomas Nedumpuzha (Vice Chairman)

**Finance**

Cyriac Koovakkattil ( Chairman)
Joseph Viruthikulangara
Jenoy Paranickal

**Out-door Activities**

Mathadas Ottathical (Chairman)
Biju Vakkel
Jose Kallidukkil
Shaju pulimalayil
Punnose Thachet
Sabu Kattappuram
Thomas Tomy Vallipparampil

**Entertaiment**

Babu Thaipparampil (Chairman)
Jayrose Pathyil
Neetha che ttiath
Jose Tharathettel

**Liturgy**

Pennamma Pattaraparambil (Chairman)
Mathai Aikaraparampil

**Membership**

Alex Paikkattu ( Chairman)
Abraham Kalliduckil

**NewsLetter**

Jain Makil ( Chairman) 630-544-0984
Thomas Kadiyampally
Tomy Ambenettu
Joy Indikuzhy

**Liaison Board**

Simon Pallikunnel (Chairman)
847-581-0528
Jose Vattaduikunnel (Vice Chairman)
Joy Nellamattom
Raju Akathra
Roy Mundakalparambil

**Building Board**

Mathew Chemachel
Joy Kottoor

**National Council**

Johny Puthenparampil (KCCNA President)
Beena Indikuzhy (Regional Vice President)
Kurian Kuply
Stephen Kizhekekutte
Jomon Thodukayil
Leelamam Arackal
Sibia Viruthikulangara

**Auditor**

Siby Kathalimattom

## എഡിറ്റോറിയൽ



# വരും തലമുറകളിൽ നിക്ഷേപിക്കാനൊരവസരം

**ചിക്കാഗോ: ക്നാനായ ജനതയുടെ ചിരകാല അഭിലാഷമായ ബൃഹത്തായ കമ്മ്യൂണിറ്റി സെന്റർ എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ ഒരു സുവർണ്ണാവസരം കൈവന്നിരിക്കുന്നു. വരും തലമുറയുടെ സാംസ്ക്കാരിക ഉന്നമനത്തിന് നമുക്കു നൽകാവുന്ന ഏറ്റവും വലിയ നിക്ഷേപമായിരിക്കും ഈ കമ്മ്യൂണിറ്റി സെന്റർ. അതിന്റെ നാലുകെട്ടിനുള്ളിൽ നമ്മുടെ മഹത്തായ പാരമ്പര്യം തലമുറകളിലൂടെ സംരക്ഷിക്കപ്പെടുമെന്ന് നമുക്ക് വിശ്വസിക്കാം. കഴിഞ്ഞ ഭരണ സമിതിയുടെ കാലത്ത് തളിരിട്ട ആ മോഹം, അന്നത്തെ ബിൽഡിംഗ് കമ്മിറ്റിയുടേയും, ഭരണസമിതി അംഗങ്ങളുടേയും ശ്രമഫലമായി നല്ലൊരു തുക സമാഹരിക്കാൻ കഴിഞ്ഞത് ഇന്നീ സ്വപ്നം പൂവണിയാൻ സഹായകമാകും. വളരെയധികം സമുദായ സ്നേഹികൾ ഈ സംരംഭത്തിനായി പ്രയത്നിക്കുകയും സഹകരിക്കുകയും ചെയ്തത് വ്രഥാ ആവില്ലെന്ന് നമുക്ക് പ്രത്യാശിക്കാം. എല്ലാ ഭിന്നതകൾക്കുമപ്പുറം, നമ്മുടെ എവരുടേയും സ്വപ്നമായ ഈ സംരംഭത്തിൽ ഇനിയും സഹകരിക്കാത്ത ആരെങ്കിലുമുണ്ടെങ്കിൽ വരും തലമുറയ്ക്കായി നാം നടത്തുന്ന നിക്ഷേപങ്ങളിൽ എറ്റവും മെച്ചമായ നിക്ഷേപമായിരിക്കും ഇതെന്നു കരുതി നിർലോഭം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

**ഒരു മനുഷ്യന്റെ സമ്പാദ്യങ്ങളിൽ ഏറ്റവും മേന്മയേറിയത്, വരും തലമുറകൾക്കായി നാം നടത്തുന്ന നിക്ഷേപമായിരിക്കുമെന്ന് റോക്ക് ഫെല്ലറിന്റെ ജീവചരിത്രം നമ്മെ പഠിപ്പിക്കുന്നു. നാല്പത്തി മൂന്നാം വയസ്സിൽ ലോകത്തിലെ എറ്റവും വലിയ കോടീശ്വരനായിത്തീർന്ന വ്യവസായ പ്രമുഖനായിരുന്നു ജോൺ.ഡി. റോക്ക് ഫെല്ലർ. ധനസമ്പാദനത്തിൽ ഒരു മനുഷ്യന് എത്തിച്ചേരാവുന്ന സ്ഥാനത്തിന്റെ അത്യുച്ചകോടിയിലെത്താൻ അദ്ദേഹത്തിനു കഴിഞ്ഞെങ്കിലും , അതിനു വേൺടി തന്റെ മനസ്സും, കഴിവും, ആരോഗ്യവും അദ്ദേഹത്തിനു മറുവിലയായി കൊടുക്കേൺടി വന്നു. തലയിലെ രോമം കൊഴിയുന്ന ഒരസുഖം അദ്ദേഹത്തിന് പിടിപെട്ടു. കൺപീലി പോലും കൊഴിഞ്ഞുപോയി. പ്രതിവാരം പത്തുലക്ഷം ഡോളറായിരുന്നു റോക്ഫെല്ലറിന്റെ വരുമാനം. പക്ഷേ പാലും ബിസ്ക്കറ്റുമല്ലാതെ മറ്റൊന്നും കഴിക്കുന്നതിനുള്ള ദഹനശക്തി അദ്ദേഹത്തിനുൺടായിരുന്നില്ല. അദ്ദേഹം ആർജ്ജിച്ച ഡോളറിന്റെ കൂമ്പാരം മനസ്സിന് സമാധാനമോ സന്തോഷമോ നൽകാൻ പര്യാപ്തമായില്ല. അൻപത്തിമൂന്നാം വയസ്സിൽ അകാല വാർദ്ധക്യം പിടിപെട്ട അദ്ദേഹം ഒരു ജന്മദിനംകൂടി കൊൺടാടില്ലെന്ന് ഡോക്ടർമാർ വിധിയെഴുതി. അങ്ങനെ മരണവും കാത്ത് ഉറക്കമില്ലാതെ കിടന്ന രാവുകളിലൊന്നിൽ അദ്ദേഹത്തിന് ഒരു ബോധോദയമുൺടായി. താൻ മരിച്ചു കഴിഞ്ഞാൽ താൻ സമ്പാദിച്ചതിൽ ഒരു പൈസ പോലും കൂടെ കൊൺടുപോകാൻ കഴിയുകയില്ലല്ലോ എന്നദ്ദേഹം ഓർത്തു. പണമെന്നുള്ളത് കൂട്ടി വയ്ക്കാനുള്ളതല്ലെന്നും, മറ്റുള്ളവർക്കു കൂടി പങ്കിടുവാനുള്ളതാണെന്നും അന്നാദ്യമായി അദ്ദേഹത്തിന് ബോധ്യമായി. അദ്ദേഹം സമ്പാദിച്ച പണം മനുഷ്യരുടെ നന്മയ്ക്കായി ചെലവഴിക്കാൻ തുടങ്ങിയത് അന്നാണ്. റോക്ഫെല്ലർ ഫൗൺേടഷൻ എർപ്പെടുത്തുകയും, ലക്ഷക്കണക്കിന് ഡോളർ വരും തലമുറയുടെ വിദ്യാഭ്യാസത്തിനും വൈദ്യസഹായത്തിനുമായി ചിലവഴിച്ചു. അദ്ദേഹം ധനസഹായം നൽകി സ്ഥാപിച്ച ഗവേഷണ സ്ഥാപനങ്ങൾ മലേറിയ, ക്ഷയം, ഡിഫ്തീരിയ തുടങ്ങിയ മാരക രോഗങ്ങളുടെ ഔഷധങ്ങൾ കുപിടിച്ചതിന്റെ ഫലം അനുഭവിക്കുന്നത് ഇന്നത്തെ തലമുറയാണ്. 'കിട്ടുക' എന്നതിലുപരി 'കൊടുക്കുക' എന്നതിലേയ്ക്ക് അദ്ദേഹത്തിന്റെ മനസ്സിന്റെ ഗതി മാറിയതോടെ ജീവിതത്തിലും അദ്ദേഹത്തിനു പരിവർത്തനമുൺടായി. സുഖമായി ഉറങ്ങാനും സാധാരണ ഗതിയിൽ ഭക്ഷണം കഴിക്കാനും തുടങ്ങി. അങ്ങനെ അമ്പത്തിമൂന്നാം വയസ്സിൽ ഒരു ജന്മദിനം കൂടി കൊൺടാടാൻ കഴിയുമൊ എന്നു സംശയിച്ച റോക്ക് ഫെല്ലർ 98 വയസ്സു വരെ സമാധാനത്തോടുകൂടി ജീവിച്ചു.**

**വളരെ ദരിദ്രമായി ആരംഭിച്ച കോട്ടയം രൂപതയെ ഇന്നത്തെ അവസ്ഥയിലെത്തിക്കാൻ ഇല്ലായ്മകളിലും അകമഴിഞ്ഞു സഹായിച്ച നമ്മുടെ പൂർവ്വികരുടെ പാത, ഈ ഉദ്യമത്തിന് മാർഗ്ഗദീപം തെളിക്കട്ടെ എന്നാശംസിച്ച് കൊൺട് നിർത്തുന്നു.**

**പ്രത്യാശയോടെ**
**കെ.സി.എസ്. എഡിറ്റോറിയൽ ബോർഡ്**

# പ്രസിഡന്റിന്റെ കത്ത്



പ്രിയ ക്നാനായ സഹോദരങ്ങളെ,

വടക്കേ അമേരിക്കിയിലെ, ക്നാനായ സമൂഹം പത്മവ്യൂഹത്തിലകപ്പെട്ട അഭിമന്യുവിനെപ്പോലെ നാലുവശത്തുനിന്നും ആക്രമിക്കപ്പെടുകയും, എന്നാൽ ഏതു വിധേനയും ഇതിൽനിന്ന് പുറത്തുകടക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അതിനു സാധിക്കാതെ കിതയ്ക്കുന്ന ഈ അവസരം ആത്മാഭിമാനികളായ സമുദായംഗങ്ങളെ സംബന്ധിച്ചിടത്തോളം വേദനാജനകമാണ്. മഴ കാത്തിരിക്കുന്ന വേഴാമ്പലിനെപ്പോലെ നമ്മുടെ അഭിവന്ദ്യ മൂലക്കാട്ടു പിതാവിന്റെ സന്ദർശനം പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണുമെന്ന് നാമോരോരുത്തരും പ്രതീക്ഷിച്ചു. എന്നാൽ വംശശുദ്ധിയിൽ അധിഷ്ഠിതമായ ഒരു ക്നാനായ മിഷനായി നാമിനിയും കാത്തിരിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ സമൂഹത്തെ ഏതുവിധേനയും നശിപ്പിക്കുവാൻ ചില സംഘടിത ശക്തികൾ ശ്രമിക്കുന്നു എന്നതിന് തെളിവാണ്, കഴിഞ്ഞ ദിവസങ്ങളിൽ ''മലയാളം പത്രത്തിൽ'' വന്ന വാർത്ത. സമുദായാംഗങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ വന്ന ഈ വാർത്തയുടെ അടിസ്ഥാനമെന്താണ് എന്ന് അന്വേഷിച്ചതിന്റെ ഫലമായി, സമുദായത്തെ ഒന്നടങ്കം അധിക്ഷേപിപ്പിക്കുന്ന തരത്തിൽ വാർത്തകൾ ഈ പത്രം പ്രചരിപ്പിക്കുന്നു. ക്നാനായ സമൂഹത്തിന്റെ വളർച്ചയിൽ അസൂയ പൂണ്ട്, സമുദായത്തെ നശിപ്പിക്കുവാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുന്ന ഈ ദുഷ്ട ശക്തികളെ ഇനിയും തിരിച്ചറിയേണ്ടിയിരിക്കുന്നു.

ക്നാനായ സമൂഹത്തിന്റെ ഈ ദുരവസ്ഥയിൽ, സഭാ നേതൃത്വം ധീരമായ നടപടികൾ സ്വീകരിക്കാതെ, നിസ്സംഗരായി നിലകൊള്ളുന്നതിൽ സമുദായാംഗങ്ങൾ ഉത്കണ്ഠാകുലരാകുക സ്വാഭാവികമാണ്. എന്നാൽ ഇതിൽ നിന്നും ബഹിർഗമിക്കുന്ന അഭിപ്രായങ്ങൾ ലഘുലേഖകളായി നമ്മുടെ ഇടയിൽ പ്രചരിപ്പിക്കുന്ന അസ്വീകാര്യമായ ഒരു പ്രവണത അടുത്തയിടെ കാണുകയുണ്ടായി. സമുദായാംഗങ്ങൾക്ക് ആശയവിനിമയത്തിനും അഭിപ്രായപ്രകടനത്തിനുമായി എന്തും ചെയ്യാൻ കെ.സി.എസ്. തയ്യാറാണ്.

ക്നാനായ സമുദായത്തിന് സ്വന്തമായി ഒരു ദേവാലയം ഷിക്കാഗോയിൽ വേണം എന്നുള്ളത് നമേവരുടെയും ചിരകാലാഭിലാഷമാണ്. സ്വന്തമായി ഒരു ദേവാലയം ഇല്ലാത്തതിന്റെ ദൂഷ്യം നാം അനുഭവിക്കുകയും ചെയ്യുന്നു. ഞാൻ മുൻപ് പറഞ്ഞിരുന്നതുപോലെ എല്ലാവിധ സൗകര്യങ്ങളോടുംകൂടിയ ദേവാലയത്തിന്റെ (ക്നാനായ നഗർ) അന്വേഷണഫലമായി Bolling Brook ലുള്ള ദേവാലയം വാങ്ങുവാനുള്ള പ്രാരംഭം നടപടികൾ ചെയ്തുവച്ചിരിക്കുകയാണ്. മാർച്ച് 24–ന് മുൻപ് ഇതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടിയിരിക്കുന്നു. ഒറ്റനോട്ടത്തിൽ ചില അസൗകര്യങ്ങൾ ഷിക്കാഗോയിലും നോർത്ത് സബർബിലും താമസിക്കുന്നവർക്ക് തോന്നാമെങ്കിലും, നമ്മെ സംബന്ധിച്ചിടത്തോളം വലിയ സാമ്പത്തിക ബാദ്ധ്യതകൾ ഇല്ലാതെയും എന്നാൽ അത്യാവശ്യ സൗകര്യങ്ങൾ ഉള്ളതുമായ ഒരു ദേവാലയം ഇതിലും സൗകര്യമായി കണ്ടെത്താൻ നാളിതുവരെ സാധിച്ചിട്ടില്ല. ആയിരത്തിലേറെ കുടുംബങ്ങൾ ഉള്ള ഷിക്കാഗോ ക്നാനായ സമൂഹം സമീപഭാവിയിൽ വിവിധ ഇടവകകളായി വിഭജിക്കേണ്ടിയിരിക്കുന്നതിനാലും, അങ്ങിനെ വളരുവാൻ ഇനിയും ദേവാലയങ്ങൾ ഉണ്ടാകേണ്ടതിനാലും, അധിക സാമ്പത്തിക ബാദ്ധ്യതകൾ സമുദായങ്ങൾക്ക് വരുത്തിവയ്ക്കുന്നില്ല എന്നതിനാലും ഈ ദേവാലയം വാങ്ങിക്കുക എന്നുള്ളത് എന്തുകൊണ്ടും ഉചിതമാണെന്ന് ഞാൻ കരുതുന്നു. ദേവാലയം വാങ്ങിക്കുവാനായി സുമനസുകൾ സംഭാവന ചെയ്ത തുക തിരികെക്കൊടുക്കുക എന്നുള്ളത് അവരുടെ സന്മനോഭാവത്തോടുള്ള അവഹേളനമായിരിക്കും. ഇനിയെങ്കിലും ആ തുക വിനിയോഗിക്കേണ്ടിയിരിക്കുന്നതിനാലും, വളരെയധികം ആളുകളുടെ അന്വേഷണഫലമായി കണ്ടെത്തിയ ഈ ദേവാലയത്തിന്റെ ക്രയവിക്രയത്തെ സംബന്ധിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വളരെ വലുതാണ്. ആയതിനാൽ 20–ാം തീയതി ശനിയാഴ്ച വൈകുന്നേരം 8 മണിക്ക് കമ്മ്യൂണിറ്റി സെന്ററിൽ വച്ചു നടക്കുന്ന മീറ്റിംഗിൽ പങ്കെടുത്ത് ഇതിന്റെ ഭാവിനടപടികൾ സ്വീകരിക്കുവാനുള്ള അവസരം ഒരുക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് നിർത്തുന്നു.

നിങ്ങളുടെ

ഡോ. മാത്യു ജോസഫ് തിരുനെല്ലിപറമ്പിൽ
(പ്രസിഡന്റ്, കെ.സി. എസ്.)

## "മീറ്റ് ദ ബിഷപ്പ്" പരിപാടി പ്രത്യേക ചലനങ്ങളൊന്നും സൃഷ്ടിക്കാതെ പര്യവസാനിച്ചു.

പുന:സംഘടിപ്പിക്കപ്പെട്ട ക്നാനായ മിഷനുകളെ സംബന്ധിച്ച്, സമുദായാംഗങ്ങൾക്കുണ്ടായിരുന്ന സംശയ നിവാരണത്തിനായി ചിക്കാഗോ കെ.സി.എസ് സംഘടിപ്പിച്ച "മീറ്റ് ദ് ബിഷപ്പ്" എന്ന പരിപാടി പ്രത്യേക തീരുമാനങ്ങൾ ഒന്നും എടുക്കാതെ പര്യവസാനിച്ചു. ഫെബ്രുവരി 22–ാം തിയതി കമ്മ്യൂണിറ്റി സെന്ററിൽ വച്ച് കൃത്യം 11 മണിക്ക് ആരംഭിച്ച പ്രസ്തുത പരിപാടിയിൽ അഭിവന്ദ്യ മൂലക്കാട്ടിൽ പിതാവിനോട് ചോദിക്കുവാനായി ചോദ്യങ്ങളുടെ നീണ്ട ശൃംഖലയുമായി എത്തിയ ആശങ്കാകുലരായ സമുദായാംഗങ്ങളെക്കൊണ്ട് കമ്മ്യൂണിറ്റി സെന്റർ നിറഞ്ഞുകവിഞ്ഞിരുന്നു. കൊച്ചു പിതാവിന്റെ ആമുഖ പ്രസംഗത്തിനു ശേഷം ആരംഭിച്ച ചോദ്യോത്തര വേളയിൽ സമുദായാംഗങ്ങൾ അഴിച്ചുവിട്ട സംശയങ്ങളുടെ നീണ്ട നിരയ്ക്ക് മതിയായ ഉത്തരം നൽകാൻ കൊച്ചു പിതാവ് ശ്രമിച്ചെങ്കിലും, പലരുടേയും സംശയങ്ങൾ ബാക്കിയായിത്തന്നെ അവശേഷിച്ചു. ഗ്രൂപ്പുകൾക്കതീതമായി സമുദായാംഗങ്ങൾ നൂറ്റാണ്ടുകളുടെ ക്നാനായ പാരമ്പര്യങ്ങളിൽ വെള്ളം ചേർക്കുന്ന ഏതു നടപടികൾക്കും എതിരാണെന്നാണ് പ്രസ്തുത പരിപാടിയിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്.

അഭിവന്ദ്യ കൊച്ചു പിതാവിനോടൊപ്പം പരിപാടിയിൽ പങ്കെടുത്ത സ്പിരിച്ചൽ ഡയറക്ടർ ഫാ. ഫിലിപ്പ് തൊടുകയിൽ, ചോദ്യങ്ങളെ ക്രമീകരിച്ച് മോഡറേറ്ററായി പ്രവർത്തിച്ച കെ.സി.എസ് പ്രസിഡന്റ് ഡോ.മാത്യു തിരുനെല്ലിപറമ്പിൽ, കെ.സി.എസ് എകസിക്യൂട്ടീവ് അംഗങ്ങൾ, എല്ലാത്തിനുമുപരി വികാരങ്ങൾ ഉള്ളിലൊതുക്കി വളരെ സംയമനത്തോടെ ചോദ്യോത്തര വേളയിൽ പങ്കെടുത്ത ക്നാനായ സമുദായാംഗങ്ങൾ, എന്നിവർ പ്രത്യേക അഭിനന്ദനങ്ങൾ അർഹിക്കുന്നു. കെ.സി.എസ് ജനറൽ സിക്രട്ടറി ജോയിസ് ജോസഫ് പുത്തൻപറമ്പിൽ സ്വാഗതവും ട്രെഷറർ ഷിജു ചെറിയത്തിൽ നന്ദിയും പ്രകാശിപ്പിച്ചു. എറെ പ്രതീക്ഷ നൽകി ആരംഭിച്ച പരിപാടിയാണെങ്കിൽ കൂടി ഫലം നിരാശാജനകം എന്നായിരുന്നു പലരുടേയും അഭിപ്രായം. കമ്മ്യൂണിറ്റി സെന്ററിൽ വൈകുന്നേരം 4 മണിവരെ തുടർന്ന പരിപാടിക്കു ശേഷം ഐ.എച്ച.എം പള്ളിയിൽ വിശുദ്ധകുർബാന അർപ്പിച്ചു കൊണ്ട് പിറ്റേദിവസം പിതാവ് നാട്ടിലേയ്ക്ക് മടങ്ങി.

## Citywide Mortgage of America Corp.

**4305 W. Irving Park, Chicago, IL 60641**

# FOR ALL YOUR MORTGAGE SERVICES

F.H.A. Or CONVENTIONAL
PURCHASE, REFINANCESES AND LOW RATE EQUITY LOAN
FREE PRE-QUQLIFICATION & PRE-APPROVAL
0 DOWN PAYMENT FOR HOME PURCHASE
SATISFACTION GARUNTEED



FIXED AND ADJUSTABLE RATE
No Income & Asset Verification
Less Perfect Credit
No Problem!!!!

**MATHEW JOSEPH**
**FORMERLY BANK MANAGER**
**CELL: 847-208-8508**
**OFFICE : 773-202-2600**
**FAX: 773-202-2605**
**Res. 847-824-4026**
**Email: mathewcitywide@yahoo.com**

EQUAL HOUSING LENDER

**MATHEW JOSEPH**
(MATHAIKUNJU)

---

# COMPLETE FAMILY DENTAL CARE

**EMERGENCY CARE & 24 HOURS ANSWERING SERVICES**



**Mathew Joseph, BDS, DDS.**
**(Northwestern Graduate)**

***Evening & Saturday Hours available by appointment***

***Childrewelcome,***
***ORTHODONTICS (BRACES) INCLUDED***
***Free consultation & Affordable payment plan,***
***Most insurance accepted***
***Cleaning charges only $ 30.00 for new patients***

**Discounts Available**

- **Cosmetic Dentistry**
- **Bonding**
- **Root Canal**
- **Repair and Reling**
- **Cleaning**
- **Bridges**
- **Extraction**
- **Gum Disease**
- **Crowns, Caps**
- **Dentures**

***4955 N. Milwaukee Ave., Chicago, IL. 60630***

***Office ( 773) 545– 1882. Emergency (312) 877-1966,***

***Res: ( 847) 486-0946***

# കിഡ്സ് ക്ലബ് വളരുന്നു, കുഞ്ഞുങ്ങൾക്കിത് ഉത്സവ കാലം....!!!

കിഡ്സ് ക്ലബ് ഫെബ്രുവരി മാസം യോഗം ഫെബ്രുവരി 27–ാം തീയതി കമ്മ്യൂണിറ്റി സെന്ററിൽ ചേർന്നു. കുട്ടികളും അവരുടെ മാതാപിതാക്കളുമായി ധാരാളം പേർ പങ്കെടുത്ത ഇത്തവണത്തെ യോഗത്തിൽ വച്ച് പുതിയതായി പത്തുപേർ അംഗത്വമെടുത്തു. അതെ, കിഡ്സ് ക്ലബ് വളരുകയാണ്. കുട്ടികൾക്കും മാതാപിതാക്കൾക്കും ആവേശം നൽകിക്കൊണ്ടുള്ള ഈ വളർച്ചയിൽ പങ്കാളികളാകുന്ന എല്ലാവർക്കും ഞങ്ങളുടെ അഭിവാദ്യങ്ങൾ!!

ഈ മാസത്തെ പരിപാടികളിൽ വിനോദവും വിജ്ഞാനവുമുണ്ടായിരുന്നു. ഫെബ്രുവരി 14–ാം തീയതി വൈകുന്നേരം കിഡ്സ് ക്ലബ് അംഗങ്ങൾക്കു വേണ്ടി പ്രത്യേകം നടത്തിയ ധ്യാനപരിപാടിയുടെ ഫോളോ അപ്പ് ആയി ബൈബിൾ സംബന്ധമായ ചോദ്യോത്തര പരിപാടിയും ക്ലാസ്സും നടത്തി. ധ്യാനത്തിന്റെ അരൂപിയും ചൈതന്യവും തങ്ങളിൽ നിലനിൽക്കുന്നുണ്ടെന്ന് തെളിയിച്ചുകൊണ്ട് കുട്ടികൾ ഇതിൽ സജീവമായി പങ്കെടുത്തു. തുടർന്ന് സോൾജിയേഴ്സ് ആന്റ് സെയിലേഴ്സ് എന്ന ഗെയിം നടത്തി ഇൻഡോർ ഗെയിംസിന്റെ ആവേശം പരമാവധി നൽകുന്നതോടൊപ്പം 'ലിസണിംഗ് സ്കിൽ' പരിപോഷിപ്പിക്കുന്നതുമായ ഈ ഗെയിമിൽ കുട്ടികൾ അത്യാവേശത്തോടെയാണ് പങ്കെടുത്തത്.

ഇത്തവണ അഞ്ച് കിഡ്സ് ക്ലബ് അംഗങ്ങളുടെ ജന്മദിനം ആഘോഷിച്ചു. ജെറോമി തിരുനെല്ലിപ്പറമ്പിൽ, ഷോൺ മറ്റത്തിൽ പറമ്പിൽ, ജെസ്റ്റിൻ ആശാരിക്കുറ്റ്, ഷെയിൻ പണയപ്പറമ്പിൽ & ബിൻസ് തുരുത്തിവേലിൽ. പതിവുപോലെ അവരുടെ നേതൃത്വത്തിൽ കേക്കുമുറിച്ച് എല്ലാവരും സ്നേഹം പങ്കിട്ടു. തുടർന്ന് നടന്ന പിസ്സാ പാർട്ടി കുട്ടികൾക്ക് ഏറെ ഹൃദ്യമായി. ഈ മാസത്തെ പാർട്ടി സ്പോൺസർ ചെയ്തത് ജോജോ എടക്കര ആയിരുന്നു.

മാർച്ച് മാസത്തെ കിഡ്സ് ക്ലബ് യോഗം പതിവുപോലെ മാസാവസാന വെള്ളിയാഴ്ചയായ മാർച്ച് 26–ാം തീയതി വൈകിട്ട് 7 മണിക്ക് കമ്മ്യൂണിറ്റി സെന്ററിൽ ചേരുകയാണ്. പുതിയതായി കിഡ്സ് ക്ലബിൽ ചേരാനാഗ്രഹിക്കുന്നവരും പ്രതിമാസംയോഗങ്ങളിൽ ആഘോഷപരിപാടികൾ സ്പോൺസർ ചെയ്യാൻ താൽപ്പര്യമുള്ളവരും വിളിക്കുക.

ഷാജൻ ആനിത്തോട്ടം 847–983–0392, ലിസ്സി മുല്ലപ്പള്ളിൽ 847–679–9431

# ബിൽഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പുനരുദ്ദീപിപ്പിച്ചു.

ഇടക്കാലം കൊണ്ട് മന്ദീഭവിച്ചുകിടന്നിരുന്ന ബിൽഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പൂർവ്വാധികം ശക്തിയോടെ പുനരുദ്ദീപിപ്പിച്ചു. ചിക്കാഗോ ക്നാനായക്കാരുടെ ചിരകാലാഭിലാഷമായ, വിശാലമായ പാർക്കിംഗ് സൗകര്യങ്ങളോടുകൂടിയുള്ള ബൃഹത്തായ കമ്മ്യൂണിറ്റി സെന്റർ സ്വായത്തമാക്കാൻ, ശ്രീ സൈമൺ വിരുത്തിക്കുളങ്ങര ചെയർമാനായുള്ള കമ്മിറ്റിയാണ് അതിന്റെ പ്രവർത്തനങ്ങൾക്ക് പുനർ ജീവൻ നൽകിയത്. നമ്മുടെ സ്വപ്നങ്ങൾ സഫലീകരിക്കാനുള്ള അവസരം, അടുത്തു വന്നിരിക്കേ, ബിൽഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളോടു എല്ലാ സമുദായ സ്നേഹികളും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# ഡയറിയിൽ കുറിക്കേണ്ട ദിവസങ്ങൾ

**ജനുവരി 23–ാം തീയതി കൂടിയ ബോർഡ് മീറ്റിംഗിൽ കെ.സി.എസിന്റെ ഈവർഷത്തെ പ്രധാന പരിപാടികളുടെ തീയതികൾ നിശ്ചയിക്കുകയുണ്ടായി. തീയതികൾ മറക്കാതെ നിങ്ങളുടെ ഡയറിയിൽ രേഖപ്പെടുത്തുക.**

| | | |
|---|---|---|
| **യുവജനോത്സവം** | – | **മെയ് 29 ശനിയാഴ്ച** |
| **പിക്നിക്ക്** | – | **ജൂൺ 12 ശനിയാഴ്ച** |
| **ഒളിമ്പിക്സ്** | – | **ജൂലൈ 10 ശനിയാഴ്ച** |
| **ക്യാപിംങ്** | | **സെപ്റ്റംബർ 4, 5, 6** |
| **ക്നാനായ നൈറ്റ്** | – | **ഒക്ടോബർ 9 ശനിയാഴ്ച** |
| **ക്രിസ്മസ് പാർട്ടി** | – | **ഡിസംബർ 18 ശനിയാഴ്ച** |
| **ക്നാനായ കൺവൻഷൻ** | – | **ജൂലൈ 29 മുതൽ ഓഗസ്റ്റ് 2 വരെ.** |

**ചില പ്രത്യേക സാഹചര്യങ്ങളിൽ ഈ തീയതികൾക്ക് മാറ്റം വരാവുന്നതാണ്. അങ്ങനെ വ്യത്യാസങ്ങൾ വന്നാൽ ആ വിവരം ന്യൂസ് ലെറ്റർ വഴി അറിയിക്കുന്നതാണ്.**

**കെ.സി.എസ്. ഭരണസമിതി**

# കെ.സി.വൈ.എൽ. ധ്യാനം മാർച്ച് 27–ന്

നോയമ്പുകാലത്ത് യുവജനങ്ങളുടെ ആത്മീയ നവീകരണത്തിന് കെ.സി.വൈ.എൽ. ധ്യാനം സംഘടിപ്പിക്കുന്നു. ചിക്കാഗോ ഹൈഡ് പാർക്കിലുള്ള മിഷൻ ഒബ്ലേറ്റ് മേരി മാക്കുലേറ്റ് സെമിനാരിയിലെ ജിം ചെമ്പേഴ്സിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഈ ധ്യാനത്തിൽ പങ്കെടുത്ത് ആത്മീയത കൈവരിക്കേണ്ടതാണ്.ഈ ധ്യാനത്തിന് ചിക്കാഗോ അതിരൂപതയിലെ വൈദീകരും പങ്കെടുക്കുന്നതായിരിക്കും.ധ്യാനദിവസം യുവജനങ്ങൾക്ക് കുമ്പസാരിക്കുന്നതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. കത്തോലിക്കാ സഭയുടെ നിയമപ്രകാരം നോയമ്പുകാലത്തെങ്കിലും ആണ്ട്കുമ്പസാരം നടത്തുവാൻ പ്രായപൂർത്തിയായ എല്ലാവരും ബാദ്ധ്യസ്ഥരാണെന്ന കാര്യം ഓർക്കുക.

ആത്മീയ നവീകരണം നടത്തപ്പെടുന്നതിനുള്ള അവസരം 14 വയസിനു മുകളിലുള്ള എല്ലാ ടീനേജ്, യുവജന വിഭാഗങ്ങൾ പ്രയോജനപ്പെടുത്തണം എന്നഭ്യർത്ഥിക്കുന്നു. മാർച്ച് 27–ന് ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽവച്ച് രാവിലെ കൃത്യം എട്ടുമണിക്ക് ആരംഭിക്കുന്ന ധ്യാനത്തിൽ കുട്ടികളെ പറഞ്ഞുവിടാൻ മാതാപിതാക്കൾ താത്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കെ.സി.വൈ.എൽ., കെ.സി.എസ്. ഭാരവാഹികളുമായി ബന്ധപ്പെടുക.

# കലോത്സവം മെയ് 29 ശനിയാഴ്ച

കഴിഞ്ഞ ന്യൂസ് ലെറ്ററിൽ കൂടി അറിയിച്ച പ്രകാരം ഏപ്രിൽ 17 ൽ നിന്ന് കലോൽസവം മെയ് 29 ശനിയാഴ്ചത്തേയ്ക്ക് മാറ്റി വച്ചിരിക്കുന്നു. കെ.സി.സി.എൻ.എ. നാഷണൽ കൗൺസിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള മത്സരങ്ങൾ നടത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പരിശീലനത്തിന്റെ സൗകര്യാർത്ഥം കലോൽസവം മെയ് 29 ശനിയാഴ്ചത്തേയ്ക്കു മാറ്റി വച്ചിരിക്കുന്നത്.

# LINCOLNWOOD

MORTGAGE SERVICES, INC.

4039 W. Main st, SKOKIE IL-60076

**Ph: 847-674-1600, Fax: 847-674-1608**



For all your Mortgage Services

**Please Contact:**

Benny Kanjirapara

Phone: 847-583-1245,

Pager : 773-258-1301

**PURCHASE, REFINANCES,**
**FIXED & ADJUSTABLE**

**we offer fast approvals**


# Opportunity Knocks!!!

**Apartment Complex**
**Motel Comfort Suites**
**Motel Holiday INNExp.**
**Gas stations,**
**Strip Mals, Shopping Center,**
**Dunkin Donuts, Baskin Robins & Sub way Etc. in and around Chicago. Call :**

**Mathew Kurisummoottil**
**R**ealtor *(Business Consultant)*

**Realty Associates**

**Cell : (630) 863-2233**
**Home : (815) 372-2622**
**Fax : (815) 886-2504**



**Mathew Kurisummoottil**
**Realtor (Business Consultant)**



വിജയകരമായ 10ാം വർഷം
ബാല്യത്തിൽനിന്നും കൗമാരത്തിലേക്ക് ഞങ്ങളെ
കൈപിടിച്ചുയർത്തിയ എല്ലാ മലയാളികൾക്കും
ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി!
അതിഥികൾ വീട്ടിൽ വന്നാൽ
ബനാനാ ലീഫിനെ വിളിക്കൂ.

# BANANA LEAF

**INDIAN FAST FOOD CORP**

**3582 N. Milwaukee, Chicago, IL 60641 (Milwaukee & Addison Jn.)**
**We Open 12:00 PM -9:00 PM**
**Parking Available**
**Call: JOSEPH PUTHENPURAYIL**

**Off: 773-205-4455,**

**Res. 773-283-2432**

**Fax: 773-342-6457**

- We have over 15 years experience in the catering business
- We provide Beautiful Decoration for all your occasions.
- Have a taste of the finest South Indian & North Indian cuisine
- Fresh Food made to your order.
- Ask us for our Complete Package Deal which includes food decoration, soft drinks and utensils
- Professional catering service to the Chicago land area.
- You have tried the rest but it's time to stick with the best.

Special Services For:

**WEDDING , GRADUATION**
**BAPTINM, BIRTHDAYS & ALL OTER OCCASSIONS**

Enjoy the party with us and share the tasty movements with us

# ROYAL TRAVELS

**3423 W. LAWRENCE AVE., ROOM # 5,**
**CHICAGO, IL 606125**

- **Kuwait Airways**
- **Air India**
- **Malaysian**
- **Swiss Air**
- **British Airways**
- **Lufthansa**
- **Air France**
- **KLM**
- **Singapore Air, etc.**

***The Most Economical Fare***
***With First Class Care***

Call: Jose Korattiyil
Jay Kalayail
Cherian Venkadathu

**Tel:(773) 509-9600**

**Fax: (773) 509-1196**

# കെ.സി.എസ്. പ്രതിഷേധം രേഖപ്പെടുത്തി

ഷിക്കാഗോ കെ.സി.എസ്. പ്രസിഡന്റിനെയും കെ.സി.എസ്.നെയും പറ്റിയുള്ള അപഹാസ്യപരമായ വാർത്ത അമേരിക്കയിലെ 'മലയാളം പത്രം' പ്രസിദ്ധീകരിച്ചതിൽ കെ.സി.എസ്. ഡയറക്ടർബോർഡ് പ്രതിഷേധം രേഖപ്പെടുത്തി. കഴിഞ്ഞ ഫെബ്രുവരി 22–ന് കെ.സി.എസ്. സംഘടിപ്പിച്ച "മീറ്റ് ദ ബിഷപ്പ്" പരിപാടിയുടെ വാർത്ത ബോർഡ് അംഗങ്ങൾ ആരും അറിയാതെ എങ്ങനെ ലഭിച്ചുവെന്നും പ്രസിദ്ധീകരിച്ചുവെന്നും മാത്രമാണ് നമ്മുടെ പ്രസിഡന്റ് മാന്യമായ ഭാഷയിൽ ഫോണിൽ സംസാരിച്ചത്.  അല്ലാത് കെ.സി.എസ്. പ്രസിഡന്റ് ആരെയും ഭീഷണിപ്പെടുത്തിയിട്ടില്ലാ. അതിനുള്ള ആവശ്യവും നമുക്കില്ലല്ലൊ. സ്വാർത്ഥമായ വ്യക്തിതാല്പര്യങ്ങളുടെ പേരിൽ കെ.സി.എസ്. സംഘടനയെയും അതിന് നേതൃത്വം നല്കുന്നവരെയും തേജോവധം ചെയ്യുവാൻ ചില തൽപരകക്ഷികൾ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായിട്ടേ കെ.സി.എസ്. ഈ വാർത്ത കാണുന്നുള്ളൂ. പതിറ്റാൺടുകളുടെ പാരമ്പര്യമുള്ള ക്നാനായ സമുദായം  വളരെയേറെ പ്രതിസന്ധികൾ തരണം ചെയ്ത് വളർന്നുകൊൺടിരിക്കുന്ന ഒരു അത്ഭുതമാണ്. വ്യക്തിതേജോവധങ്ങൾ സ്വന്തം പത്രത്തിലൂടെ എഴുതിപിടിപ്പിച്ച് ക്നാനായ ഐക്യവും ലക്ഷ്യവും തകർക്കാമെന്ന് ആരും വ്യാമോഹിക്കേൺട എന്നും യോഗം അഭിപ്രായപ്പെട്ടു.

# WOMEN'S FORUM NEWS

Feb.14,15 തിയതികളിൽ മുതിർന്നവർക്കും 16 –ാം തിയതി മുതിർന്ന കുട്ടികൾക്കുമായി വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ നടത്തിയ ധ്യാനം വിജയിപ്പിച്ച ഏവർക്കും പ്രത്യേകം നന്ദി പറയുന്നു. മാത്യു ജോസഫ് (മാത്തച്ചൻ) നയിച്ച ധ്യാനത്തിൽ ജോപ്പൻ and valza Makkarayും സിബി തെക്കനാടും വചനപ്രഘോഷണം നടത്തി. രസകരമായ അവതരണ ശൈലിയിലൂടെ ബൈബിൾ വായനയുടെ പ്രാധാന്യം അവർ മനസ്സിലാക്കി. തിരക്കേറിയ ജീവിതത്തിനിടയ്ക്ക് മനപ്പൂർവ്വം വിട്ടുകളയുന്ന ആത്മീയ പോഷണം വീൺടുക്കാനായി വിമൻസ് ഫോറം ഇനിയും ഇത്തരം ധ്യാനങ്ങൾ നടത്താൻ ആഗ്രഹിക്കുന്നു.

ബിൻസി പുത്തുറയിൽ, സെലിൻ ചൊള്ളമ്പേൽ, ബെറ്റി മുല്ലപ്പള്ളി എന്നിവരുടെ sponsor ചെയ്യാനുള്ള മഹാമനസ്കത പ്രശംസനീയമാണ്. കുട്ടികൾക്ക് വേൺടിയുള്ള breakfast sponsor ചെയ്ത ഗേളി വിരുത്തിക്കുളങ്ങരയ്ക്കും breakfast ഉം lunch ഉം prepare ചെയ്യാൻ സഹായിച്ച റീത്താമ്മ ചൊള്ളമ്പേൽ Ludsy കുന്നത്തു കിഴക്കേതിൽ എന്നിവർക്കും sponsor ചെയ്ത മറ്റ് രൺട് അഭ്യുദയ കാംക്ഷികൾക്കും വിമൻസ് ഫോറത്തിന്റെ അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

കമ്മിറ്റിയംഗങ്ങളായ ഗ്രേസി വാച്ചാച്ചിറ, ലൂസി വയലിൽ, ആലീസ് വിരുത്തിക്കുളങ്ങര എന്നിവരും Co-ordinators ആയ Sibi Kadiyampally, Neetha Chettiath എന്നിവരും ധ്യാനത്തിന് നേതൃത്വം കൊടുത്തു.

ശ്രീ മാത്യു നെടുമാക്കന്റെ സേവനങ്ങൾക്ക് വിമൺസ് ഫോറത്തിന്റെ പ്രത്യേക നന്ദി ഈയവസരത്തിൽ അറിയിക്കുന്നു.

Neetha Chettiath
Siby Kadiyampally

# മാർച്ച് 20–ാം തിയതി ചിക്കാഗോ ക്നാനായ് സമുദായത്തിന്റെ വളർച്ചയിലെ ഓർമ്മിക്കേൺട ദിനം

ചിക്കാഗോ ക്നാനായ സമൂദായം സ്വപ്നം കാണുന്ന കമ്മ്യൂണിറ്റി സെന്റർ  യാഥാർത്ഥ്യത്തിലേയ്ക്ക് അടുത്തുകൊൺടിരിക്കുന്ന ദിനങ്ങളിൽ മാർച്ച് മാസം 20–ാം തിയതി ശനിയാഴ്ച ചിക്കാഗോ ക്നാനായ സമൂഹത്തിന്റെ വളർച്ചയിലെ ഒരു അവിസ്മരണീയ ദിനമായിരിക്കും. അന്ന് കഷ്ടപ്പെട്ടു സമാഹരിച്ച പണമത്രയും നാം എന്തു ചെയ്യണമെന്ന് തീരുമാനിക്കപ്പെടുന്ന ദിനം. പല പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്ത് പുരോഗതിയുടെ പാതയിലൂടെ മുന്നോട്ടു പോകുന്ന നമ്മൾ, നല്ല നാളേയ്ക്ക് ഉതകുന്ന തരത്തിലുള്ള തീരുമാനങ്ങൾ അന്നേ ദിവസം എടുക്കുമെന്ന് പ്രതീക്ഷിക്കാം. ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ മണിമുത്ത് എന്ന് വിശേഷിപ്പിക്കാവുന്ന ചിക്കാഗോ ക്നാനായ സമൂഹത്തിന്റെ സ്പന്ദനങ്ങൾ ആഗോള ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ ധമനികളിൽ പ്രതിഫലിപ്പിക്കും എന്നത് നമ്മുടെ തീരുമാനങ്ങളുടെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. വിഭാഗീയ ചിന്താഗതികളിൽ കൂടി ചിക്കാഗോ ക്നാനായ സമൂഹങ്ങൾ എന്തു തീരുമാനം എടുത്താലും അത് ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ പുരോഗമനത്തെ തടസ്സപ്പെടുത്തുന്ന ഒന്നായിരിക്കും എന്ന് ഈ അടുത്തകാലത്തുൺടായ സംഭവവികാസങ്ങൾ സൂചിപ്പിക്കുന്നു. അതുകൊൺട് ഒറ്റക്കെട്ടായി യോജിച്ച് March 20 ൽ നമുക്ക് നല്ല തീരുമാനങ്ങൾ എടുക്കാം. 3/24/01 ൽ കൂടിയ പ്രത്യേക പൊതുയോഗ തീരുമാനപ്രകാരം ബൃഹത്തായ കമ്മ്യൂണിറ്റി സെന്ററിനു വേൺടി കഷ്ടപ്പെട്ടു സമാഹരിച്ച പണമത്രയും 3/24/04 ൽ തിരിച്ചു കൊടുക്കേൺടി വരുന്നു. ഈ വിഷയത്തെക്കുറിച്ച് പണം നൽകിയവരുടേയും വാഗ്ദാനം ചെയതവരുടേയും ഒരു യോഗം 3 /20/04 ശനിയാഴ്ച വൈകിട്ട് 8.30 ന് കമ്മ്യൂണിറ്റി സെന്ററിൽ കൂടുന്ന കാര്യം അറിയിച്ചു കൊള്ളുന്നു. ഈ യോഗത്തിൽ മേൽ പറയപ്പെട്ട എല്ലാ ആളുകളും പങ്കെടുക്കണമെന്ന് കെ.സി.എസ് ഭരണസമിതി താല്പര്യപ്പെടുന്നു.

# 2004 KCYL Upcoming Events

5. **March 27th, Saturday** – All Day Spiritual Retreat
( led by Brother Jim Chambers, Fr. Lawrence, Fr. Simpson )

6. **April 4th, Sunday** – Prestigious Pool Tournament

7. **Bible Classes** – Starting in March.

8. **Youth Nite Celebrations** – To be announced

9. **May 16th - Sunday**, 12 noon- General Body.

10. **June 5th, Saturday** – Basketball Tournament
**Juniors** (ages 15 and under)

11. **July 3rd, Saturday** – Basketball tournament
**Seniors** (ages 15 and over )

12. **July 17th - KCYL Summer Picnic** (details later).

Increase The Value of your Home...
Help Your church....
Beautify your home and surroundings....
You can count on two young men from Our Community to Help you do so..

# *COLLEGE PRO PAINTING*

College Pro together, realizing potentials

-2 year warranty
-30 years experience
-$1,000,000 liability insurance
-We will donate a percent of each job to the Knanaya community's charity Fund!!

Contact:

Benny Mathew (630) 673 3188
Benson Mathew (630) 664 6662

www.collegepro.com
CALL NOW FOR A FREE, NO OBLIGATION, ESTIMATE!!!!!

# Chicago United Mortgage Inc.

## **Innovative mortgage solutions**

### 2144 W ROSCOE AVE., CHICAGO IL 60618

- Fast, Hassle Free Refinances
- Excellent Interest Rates
- Comprehenscive First Time
- Home Buyer Programs
- Free Nortgage Pre Qualifictions







For all your Mortgages needs call :
**Cyriac Koovakkattil**
Office: 773-868-9500 Ext: 35
**Cell: 630-673-3382**
**Res: 847-583-0237**
**Fax: 773-868-9569**

EQUAL HOUSING LENDER

Rate, APR subject to change and Loan amount Over 180,000.00
ILL., WI., IN., Residential Mortgage Licencese



**Cyriac Koovakkattil**





മീറ്റ് ദ ബിഷപ്പ് പരിപാടിയിൽ പങ്കെടുക്കാൻ എത്തിയ കൊച്ചു പിതാവിനെ കെ.സി.എസ് നേതൃത്വവും വിവിധ പോഷക സംഘടനാ പ്രതിനിധികളും സന്ദർശിച്ചപ്പോൾ





കുട്ടികളുടെ ധ്യാനത്തിൽ നിന്ന്

## ജോയി കോട്ടൂർ ബിൽഡിംഗ് ബോർഡ് മെംബർ

ബിൽഡിംഗ് ബോർഡ് മെംബറായിരുന്ന സൈമൺ പള്ളിക്കുന്നേൽ ലെയ്സൺ ബോർഡ് ചെയർമാനായതോടുകൂടി ബിൽഡിംഗ് ബോർഡിൽ ഒഴിവുവന്ന സ്ഥാനത്തേക്കു, ബിൽഡിഗ് ബോർഡ് നോമിനേറ്റ് ചെയ്ത ജോയി കോട്ടരിനു 2/28/04 കൂടിയ സോഷ്യൽ ബോഡി യോഗം അംഗീകരിച്ചു. ശ്രീ ജോയി കെ സി എസ്സിന്റെ ഒരു സജീവപ്രവർത്തകനും മുൻ കെ സി എസ് ട്രഷററുമായിരുന്നു. അദ്ദേഹത്തിന്റെ സംഘടനാ പ്രാവീണ്യം കെ.സി.എസ് ബിൽഡിംഗ് ബോർഡിന് ഒരു മുതൽക്കൂട്ടായിരിക്കും. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും കെ.സി.എസ് ന്റെ ആശംസകൾ

## ഇതാ നിങ്ങൾക്കൊരു സുവർണ്ണാവസരം

മാർച്ച് മാസം 21 –ാം തിയതി 10 മണിക്ക് കുർബാനയ്ക്കു ശേഷം Community Center ൽ വച്ച് (2nd Floor) KCS Women's Forum ത്തിന്റെ നേതൃത്വത്തിൽ നവീകരണ പ്രാർത്ഥനയ്ക്കും പ്രാർത്ഥനാ പരിശീലനത്തിനും നേതൃത്വം നൽകിയിരുന്ന Mr. Biby Thecknat ന്റെ 2 മണിക്കൂർ നേരത്തെ പ്രാർത്ഥനയും പ്രാർത്ഥന നയിക്കുവാനുള്ള പരിശീലനവും നൽകുന്നു. പ്രാർത്ഥന കൊണ്ട് മാത്രം ഒരുവൻ നീതീകരിക്കപ്പെടുന്നില്ല. പ്രാർത്ഥനയോടൊപ്പം തന്നെ സ്നേഹ പ്രവർത്തികൾ, പാവങ്ങളോടുള്ള കാരുണ്യ പ്രവർത്തികൾ, ഇവ ഈശോയുമായി ഐക്യപ്പെടുവാൻ നമ്മെ സഹായിക്കും. ഇപ്പോൾ നമ്മുടെ ക്നാനായ Community നേരിടുന്ന പ്രതിസന്ധികളെ തരണം ചെയ്യുവാനും കൂട്ടായ്മയെ വർദ്ധിപ്പിക്കുവാനും എല്ലാ മാസവും മൂന്നാമത്തെ ആഴ്ചയിൽ 11 മണി മുതൽ 1 മണി വരെ ഈ പ്രാർത്ഥന ഉണ്ടായിരിക്കുന്നതാണ്. ഇത് ഒരു നല്ല നീക്കമായി കുറിച്ച് എല്ലാവരും ഇതിൽ സംബന്ധിക്കണമെന്ന് സ്നേഹത്തോടെ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ഈ നോയമ്പ് കാലത്ത് പ്രാർതഥന വഴി സൗഹൃദം, കൂട്ടായ്മ, പങ്കുവയ്ക്കൽ, പരസ്പരായത്വം, സഹാനുഭൂതി, സ്നേഹം എന്നിവയിലൂടെ നമുക്ക് മനുഷ്യത്വമുള്ളവരാകാം. ആർക്കെങ്കിലും ഈ പ്രാർത്ഥന sponsor ചെയ്യണമെന്നാഗ്രഹമുണ്ടെങ്കിൽ ദയവായി അറിയിക്കണം. ഈ ദശാംശ സംഖ്യ ഉപയോഗിക്കുന്നത് പ്രേഷിത വേലയ്ക്കായിരിക്കും.

Women's Forum ത്തിനു വേണ്ടി

നീതാ ചെട്ടിയാത്ത് , സിബി കടിയംപള്ളി

## പുതുക്കിയ വാടക നിരക്കുകൾ

3/9/04 ൽ കൂടിയ ബിൽഡിംഗ് ബോർഡിന്റെ തീരുമാന പ്രകാരം വർദ്ധിച്ചു വരുന്ന ചെലവുകളുടെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി സെന്ററിന്റെ വാടക നിലവാരം പുതുക്കി നിശ്ചയിക്കുകയുായി. മുൻതീരുമാനപ്രകാരമുള്ള വാടക $450 ആക്കുകയും ക്ലീൻ ചെയ്യുന്നതിന് $50 അധികമായി ഈടാക്കാൻ തീരുമാനിച്ചു. (450+50 = $500) താഴത്തെ ഹാൾ പാർട്ടികൾക്കു വേണ്ടി.

ചാപ്പൽ മാത്രം $50

ചാപ്പൽ + മുകളിലത്തെ ഹാൾ = 50+50 =$100

മുകളിലത്തെ ഹാൾ മീറ്റിംഗിനു മാത്രം $100

കമ്മ്യൂണിറ്റി സെന്ററിന്റെ ഷെയർ എടുത്തിട്ടുള്ളവർക്ക് ഏതെങ്കിലും പരിപാടികൾക്ക് ഷെയറിന്റെ 5% ഡിസ്കൗണ്ട് ഒരിക്കൽ മാത്രം കൊടുക്കുന്നതാണ്. പോഷക സംഘടനകളുടെ unsechudeled പരിപാടികൾക്ക് ഉള്ള വാടക $100.

ഷെയർ എടുത്തിട്ടുള്ളവരുടെ കുടുംബബന്ധത്തിൽ പെട്ട ആരെങ്കിലും മരണപ്പെട്ടാൽ കുർബാനയ്ക്കും ചെറിയ ചായ സൽക്കാരത്തിനും രണ്ടു ദിവസത്തിനകം ആണെങ്കിൽ ഫീസ് ഈടാക്കുന്നതായിരിക്കത്തില്ല.

# A Request From KCYL Directors to the Parents

We believe that the KCYL Retreat to be held on March 27th will be a very unique and rewarding experience for our youth. It will also help in enriching them both spiritually and mentally. In this modern world and times it is important that our Youth receives spiritual guidances as well to strengthen them in their daily lives. Please don't let your son or daughter miss this special occasion as oppurtunities like these don't come that often. All parents are hereby requested to please encourage your children 15 yrs and older to participate in this All day Retreat on March 27th.

Sincerely,
**Shaji Edat & Meyamma Vetticatt**
KCYL Chicago Directors

# KCYL RETREAT

**An all day Retreat will be conducted on March 27th, Saturday from 8am to 6pm at our community center.** This Retreat will be organized under the guidance of our spiritual director Rev. Fr. Philip Thodukayil and will be led by a famous Youth Retreat group of Chicago led by **Brother Jim Chambers, Fr. Simpson and Fr. Lawrence**. All youth are requested to take part in this All Day Retreat conducted during this lent season. Please contact KCYL Directors Shaji Edat at (773) 616-4369/ Shajiedat@sbcglobal.net or Mrs. Meyamma Vetticatt for more details.

## REGISTER TO VOTE.

Those who are eligible to vote in the upcoming General Elections are reminded to register themselves to vote before October 5th, 2004. The following web sites offer voter registration. http://www.Beavoter.org http://www.fec.gov/votregis/vr.htm

# Youth festival/ KCCNA Competition

2004 ജനുവരി മാസത്തിലെ ന്യൂസ് ലെറ്ററിൽ പ്രസിദ്ധീകരിച്ച ഏപ്രിൽ 17 ന് എന്നുള്ളത് മെയ് 29 –ാം തിയതിയിലേയ്ക്ക് മാറ്റിയ വിവരം എല്ലാവരെയും അറിയിക്കുന്നു. കഴിഞ്ഞ യുവജനോൽസവത്തിലെ എല്ലാ ഐറ്റവും ഈ വർഷവും ഉണ്ടായിരിക്കും. യുവജനോത്സവത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികൾ മെയ് 20 –ാം തിയതിക്കു മുൻപായി എന്റർടെയ്മെന്റ് കമ്മിറ്റിയുമായി ബന്ധപ്പെട്ട് പേർ രജിസ്റ്റർ ചെയ്യണമെന്ന് താല്പര്യപ്പെടുന്നു. താഴെപ്പറയുന്ന ഐറ്റംസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ KCCNA കൺവെൻഷനിൽ രജിസ്റ്റർ ചെയ്തവരായിരിക്കണം.

1. ലിറ്ററി കോമ്പറ്റീഷൻ
a. Elocution
b. Spelling Bee
c. Essay writing
d Quiz
2. മാർഗ്ഗം കളി (group)
3. പുരാതനപ്പാട്ട് (group)
4. Folk Dance (group)
5 Western (group)
6. Song (single)

## കലോത്സവം മെയ് 29 ശനിയാഴ്ച

കഴിഞ്ഞ ന്യൂസ് ലെറ്ററിൽ കൂടി അറിയിച്ച പ്രകാരം ഏപ്രിൽ 17 ൽ നിന്ന് കലോൽസവം മെയ് 29 ശനിയാഴ്ചത്തേയ്ക്ക് മാറ്റി വച്ചിരിക്കുന്നു. കെ.സി.സി.എൻ.എ നാഷണൽ കൗൺസിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള മത്സരങ്ങൾ നടത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പരിശീലനത്തിന്റെ സൗകര്യാർത്ഥം കലോൽസവം മെയ് 29 ശനിയാഴ്ചത്തേയ്ക്കു മാറ്റി വച്ചിരിക്കുന്നത്.

ജൂലൈ മാസം നടക്കുന്ന കൺവെൻഷനിലെ ചിക്കാഗോയിലെ കൾച്ചറൽ പ്രോഗ്രാമിന് കുട്ടികളെ പരിശീലിപ്പിക്കുന്നതിനുള്ള സൗകര്യം മുൻനിർത്തിയും KCCNA കൺവെൻഷനിലേയ്ക്കുള്ള വിജയികളുടെ പേര് 2004 മെയ് 31 –ാം ന് മുൻപായി KCCNA Chairperson ന് കൊടുക്കേണ്ടതും കണക്കിലെടുത്താണ് മെയ് 29 ന് മത്സരം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്.
ചിക്കാഗോ KCS ന്റെ കലാപ്രതിഭയും കലാതിലകവുമായി തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ കൺവെൻഷനിലേയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ സിംഗിൾ ഐറ്റംസ് ചിക്കാഗോ കൾച്ചറൽ പ്രോഗ്രാമിൽ അവതരിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
കെ.സി.സി.എൻ.എ യിൽ മേൽപ്പറഞ്ഞ മത്സരങ്ങൾ കൂടാതെ കളറിംഗിൽ മത്സരം ഉണ്ടായിരിക്കും. കെ.സി.എസ് യുവജനോത്സവത്തിൽ കെ.സി.സി.എൻ. എ യ്ക്കു വേണ്ടിയുള്ള കളറിംഗ് ഉണ്ടായിരിക്കത്തില്ല. കാരണം കെ.സി.സി.എൻ.എ നിബന്ധനകൾക്ക് വിധേയമായിട്ടുള്ള എയ്ജ് ഗ്രൂപ്പിൽ പെടുന്നവരും കൺവെൻഷനിൽ പങ്കെടുക്കുന്നവരുമായ എല്ലാ കുട്ടികൾക്കും മത്സരിക്കാൻ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കെ.സി.എസ് യുവജനോത്സവത്തിൽ നടക്കുന്ന കളറിംഗ് മത്സരം കൺവെൻഷനെ മുൻനിർത്തി ഉള്ളതായിരിക്കില്ല. യുവജനോത്സവത്തിലെ മത്സരങ്ങളുടെ നിബന്ധനകൾ അടുത്ത ന്യൂസ് ലെറ്ററിൽ അറിയിക്കുന്നതായിരിക്കും.
എന്റർടൈൻമെന്റ് കമ്മിറ്റി
ബാബു തൈപ്പറമ്പിൽ (ചെയർമാൻ) 630–834–0420
ജോസ് തറതട്ടേൽ. നീത ചെട്ടിയാത്ത്, ജെയ്റോസ് പതിയിൽ

# നാഷണൽ കൗൺസിൽ മീറ്റിംഗ് നടത്തപ്പെട്ടു

ന്യൂയോർക്ക് ഐ.കെ.സി സി ആതിഥേയം നൽകിയ നാഷണൽ കൗൺസിൽ മീറ്റിംഗ് ഫെ.14,15 തിയതികളിൽ അഭിവന്ദ്യ മൂലക്കാട്ടിൽ പിതാവിന്റെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു. കെ.സി.സി.എൻ. എ പ്രസിഡന്റ് ശ്രീ. ജോണി പുത്തൻപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ സെക്രട്ടറി ഷിൻസ് റിപ്പോർട്ടും ട്രഷറർ സണ്ണി പൂഴിക്കാല കണക്കും അവതരിപ്പിച്ചു. അമേരിക്കയിലെ 16 ക്നാനായ സംഘടനാ പ്രതിനിധികൾ ഈ യോഗത്തിൽ പങ്കെടുക്കുകയുണ്ടായി. ചിക്കാഗോയിൽ നിന്ന് കെ.സി.എസ് എക്സിക്യൂട്ടീവ് അംഗങ്ങളും നാഷണൽ പ്രതിനിധികളായ ലീലാമ്മ അറയ്ക്കൽ, ബീന ഇണ്ടിക്കുഴി, കുര്യൻ കുപ്ലി, സ്റ്റീഫൻ കിഴക്കേകുറ്റ് എന്നിവർ പങ്കെടുത്തു. അമേരിക്കൻ ക്നാനായ കത്തോലിക്കാ സമൂഹം ഇന്നനുഭവിക്കുന്ന പ്രതിസന്ധിയെക്കുറിച്ച് യോഗം വളരെയധികം വിശദമായ വിശകലനം ചെയ്തു. 16 സംഘടനാ പ്രതിനിധികൾ പുനസംഘടിപ്പിച്ച ക്നാനായ മിഷനെപ്പറ്റി സംസാരിച്ചു കൊണ്ട് 95% വരുന്ന അമേരിക്കൻ ക്നാനായ സുദായാംഗങ്ങളുടെ വികാരത്തെ പ്രകടിപ്പിച്ചു എന്നത് ഈ നാഷണൽ കൗൺസിൽ മീറ്റിംഗിന്റെ പ്രത്യേകത ആയിരുന്നു. സഭാ നേതൃത്വം ഈ ജനവികാരത്തെ മാനിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.
ടൊറാന്റോ കൺവെൻഷനെക്കുറിച്ച് കൺവെൻഷൻ ചെയർമാൻ ജോസഫ് പതിയിൽ ഒരു വിശകലനം നടത്തുകയും രജിസ്ട്രേഷൻ, താമസം , തുടങ്ങിയവകളെ സംബന്ധിച്ച അംഗങ്ങളുടെ സംശയങ്ങൾ നിവാരണം ചെയ്യാൻ സാധിച്ചു. ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള മാർഗ്ഗം കളി, പുരാതനപാട്ട്, വെസ്റ്റേൺ ഡാൻസ് എന്നിവയുടെ മത്സരങ്ങൾ നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. കെ.സി.സി.എൻ യുടെ രണ്ടാം ദിവസ സമ്മേളനം സുപ്രധാനമായ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

## ക്നാനായ മിഷ്യനുകളെ സംബന്ധിച്ച കെ.സി.സി.എൻ.എ ദേശീയ സമതിയുടെ തീരുമാനങ്ങൾ

2004 ഫെബ്രുവരി 14,16 തീയതികളിൽ ന്യൂയോർക്കിൽ സമ്മേളിച്ച കെ.സി.സി.എൻ.എ സമതിക്ക് വിവിധ മേഖലകളിൽനിന്നും, വ്യക്തികളിൽനിന്നും, സഭാധികാരികളിൽനിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഷിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതാധികാരികൾ ക്നാനായ സമുദായ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനോ, ക്നാനായ മിഷ്യനുകൾക്ക് വേണ്ടിയുള്ള മുറവിളികൾക്ക് സ്വീകാര്യമായ മറുപടിനൽകാൻ തയ്യാറാവുകയോ ചെയ്തില്ല. അഭിവന്ദ്യ അങ്ങാടിയത്തു പിതാവ് നൽകിയ ഉറപ്പിൽ നിന്നും, നിലപാടുകളിൽ നിന്നും പിന്നോട്ടു പോയി എന്നതിനുള്ള വ്യക്തമായ തെളിവാണല്ലോ ക്നാനായക്കാരല്ലാത്തവരെക്കൂടി ക്നാനായ മിഷനുകളിൽ ചേർക്കണമെന്നുള്ള അദ്ദേഹത്തിന്റെ കല്പന.
ക്നാനയ സമൂഹത്തിന്റെ ശക്തമായ ആവശ്യം ക്നാനയക്കാർ അംഗത്തമുള്ള അതായതു കോട്ടയം രൂപതയിലെ ഇടവകകളിൽ നിലനിൽക്കുന്നതുപോലെയുള്ള വ്യക്തിഗത ക്നാനയ മിഷ്യനുകൾ വടക്കേ അമേരിക്കയിലും അനുവദിച്ചു കിട്ടണം എന്നുള്ളതാണു വടക്കേ അമേരിക്കയിലെ ക്നാനായ കത്തോലിക്കാ ജനസമൂഹത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട് പ്രതിനിധികളായ ഞങ്ങൾ അവധാനപൂർവ്വമായ പഠനത്തിന്റേയും, ചിന്തയുടേയും, ദീർഘമായ ചർച്ചകളുടേയും ശേഷം സമുദായത്തിന്റെ താൽപര്യങ്ങളെയും ആത്മാഭിമാനത്തേയും മുന്നിൽ കണ്ട്, ഐക്യകണ്ഠേന താഴെപറയുന്ന തീരുമാനങ്ങളിൽ എത്തിച്ചേർന്നു.
1. അഭിവന്ദ്യ അങ്ങാടിയത്തു പിതാവ് പുനക്രമീകരിച്ച് നിർദ്ദേശിച്ചിരി

Continue page 12

ക്കുന്ന സീറോ മലബാർ ക്നാനയ മിഷനുകൾ ഞങ്ങൾക്ക് സ്വീകാര്യമല്ല. മാത്രവുമല്ല സെന്റ് തോമസ് സീറോ മലബാർ രൂപതയുമായി യാതൊരു രീതിയിലും ക്നാനയക്കാർ സഹകരിക്കുന്നതല്ല.

2. വടക്കേ അമേരിക്കൻ ക്നാനയ സമൂഹം മുൻകൈയെടുത്ത് കോട്ടയം രൂപതയുടെ ആഭിമുഖ്യത്തിലും സഹകരണത്തിലും സ്ഥാപിതമായ യഥാർത്ഥ ക്നാനായ മിഷനുകൾ സംരക്ഷിക്കുവാനും അതുമായി സഹകരിച്ചു പ്രവർത്തിക്കുവാനും നമ്മൾ പ്രതിജ്ഞാബദ്ധരാണ്. എന്നാൽ ഇതിനായി നമ്മൾക്ക് സ്വന്തമായി ഇടവകകൾ, സ്വയം ഭരണാവകാശ സ്വാതന്ത്രത്തോടുകൂടി ( പുന: സംഘടനയ്ക്കു മുൻപ് ഷിക്കാഗോയിൽ ഉണ്ടായിരുന്നതുപോലെ) അനുവദിച്ചുകിട്ടുന്നതുവരെ അംഗത്വം ഇല്ലാതെയും, പള്ളിയോഗ പൊതുയോഗ നടപടിക്രമങ്ങൾ നടപ്പിലാക്കാതെയും ക്നാനയക്കാർക്ക് മാത്രമുള്ള മിഷനുകൾ തുടരുന്നതാണ്.

## പോഷക സംഘടനാ പ്രതിനിധികൾ കൊച്ചുപിതാവിനെ സന്ദർശിച്ചു.

ചിക്കാഗോ കെ.സി.എസിന്റെ പോഷക സംഘടനകളായ വിമൺസ് ഫോറം, കിഡ്സ് ക്ലബ്, കെ.സി ജെ എൽ, കെ.സി വൈ എൽ, കെ.സി വൈ എൽ യുവജനവേദി എന്നിവയുടെ പ്രതിനിധികളും കോർഡിനേറ്റേഴ്സുമാരും ഫെ.21–ാം ശനിയാഴ്ച ഹൂസ്റ്റൺ, താമ്പ എന്നീ സ്ഥലങ്ങളിലെ സന്ദർശനത്തിനു ശേഷം ചിക്കാഗോയിൽ വീണ്ടും എത്തിച്ചേർന്ന കൊച്ചു പിതാവിനെ സന്ദർശിക്കുകയും പുനസംഘടിപ്പിക്കപ്പെട്ട ക്നാനായ മിഷനിൻ മേലുള്ള അസംതൃപ്തി രേഖപ്പെടുത്തുകയുണ്ടായി. യുവജന പ്രതിനിധികൾ പ്രത്യേകിച്ച് അവരുടെ പ്രശ്നങ്ങളും ആശങ്കകളും കൊച്ചുപിതാവിനെ നേരിട്ട് അറിയ്ക്കുകയുണ്ടായി. വ്യക്തമായ ഉറപ്പുകളോ മറുപടിയോ നൽകാൻ കൊച്ചു പിതാവിന് സാധിച്ചില്ല എന്നത് ഒരു നഗ്നസത്യമായിതന്നെ നിലനിൽക്കുന്നു. കെ.സി.എസ് എക്സിക്യൂട്ടീവ് അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു.ദീർഘയാത്രമൂലം പിതാവ് ക്ഷീണിതനായിരുന്നെങ്കിലും പ്രശ്നങ്ങൾ ശ്രവിക്കുന്നതിൽ ഉത്സാഹിതനായിരുന്നു.

## സോഷ്യൽ ബോഡി യോഗം നടത്തപ്പെട്ടു

ഫെ. 28 –ാം തിയതി കെ.സി.എസിന്റെ സോഷ്യൽ ബോഡിയുടെ ഒരു യോഗം കമ്മ്യൂണിറ്റി സെന്ററിൽ വച്ച് നടത്തപ്പെട്ടു. പ്രസിഡന്റ് ഡോ. മാത്യു ജോസഫിന്റെ അദ്ധ്യക്ഷതയിൽ നടന്ന പ്രസ്തുത യോഗത്തിൽ സെക്രട്ടറി ജോയ്സ് പുത്തൻപറമ്പിൽ കമ്മൂണിറ്റി സെന്ററിന്റെ പ്രവർത്തന റിപ്പോർട്ടും, ട്രഷറർ ഷിജു ചെറിയത്തിൽ കണക്കും അവതരിപ്പിച്ചു പാസാക്കി. വൈസ് പ്രസിഡന്റ് ജോസ് പിണർക്കയിൽ അംഗങ്ങളെ യോഗത്തിലേക്ക് സ്വാഗതം ചെയ്തപ്പോൾ ജോയിന്റ് സെക്രട്ടറി സണ്ണി മുണ്ടപ്ലാക്കൽ കൃതജ്ഞത അർപ്പിച്ചു. ചർച്ചയിൽ ഏറിയ ഭാഗവും ബിൽഡിങ്ങ് വരുന്നതിനെ കുറിച്ചായിരുന്നു. എല്ലാ അംഗങ്ങളും വളരെയധികം ഊർജ്ജസ്വലമായ് ചർച്ചയിൽ പങ്കെടുത്തു.

## വാർഷികാടിസ്ഥാനത്തിൽ പുനസംഘടിപ്പിക്കപ്പെട്ട സബ് കമ്മിറ്റികൾ

### ഔട്ട് ഡോർ കമ്മിറ്റി

മാതാദാസ ഒറ്റത്തൈയ്ക്കൽ – ചെയർമാൻ
ബിജു വാക്കേൽ, ജോസ് കല്ലിടക്കിൽ, ഷാജു പള്ളിമലയിൽ, പുന്നൂസ് തച്ചേട്ട്, സാബു കട്ടപ്പുറം, റ്റോമി വള്ളിപറമ്പിൽ

### ഫൈനാൻസ് കമ്മിറ്റി

സിറിയക് കൂവക്കാട്ടിൽ – ചെയർമാൻ
ജോസഫ് വിരുത്തിക്കുളങ്ങര, ജിനോയ് പാറാനിക്കൽ

### എന്റർടെയ്ന്റ്മെന്റ് കമ്മിറ്റി

ബാബു തൈപറമ്പിൽ – ചെയർമാൻ
ജയ്റോസ് പതിയിൽ, നീത ചെട്ടിയാത്ത്.

### ലിറ്റർജി കമ്മിറ്റി

പെണ്ണമ്മ പട്ടാറപറമ്പിൽ – ചെയർമാൻ
മത്തായി അയ്ക്കരപറമ്പിൽ

### മെമ്പർഷിപ്പ് കമ്മിറ്റി

അലക്സ് പായ്ക്കാട്ട് – ചെയർമാൻ
എബ്രഹാം കല്ലിടുക്കിൽ

### ന്യൂസ് ലെറ്റർ കമ്മിറ്റി

ജെയ്ൻ മാക്കിൽ – ചെയർമാൻ
തോമസ് കടിയംപള്ളി,
ടോമി അംബേനാട്ട്,
ജോയി ഇൺടിക്കുഴി

## കൊച്ചു പിതാവിന് സ്വഗതമേകി

ഫെ. 12–ാം തിയതി നാഷണൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുക്കുന്നതിനായി അമേരിക്കയിൽ എത്തിച്ചേർന്ന മാർ മൂലക്കാട്ടിൽ പിതാവിന് കെ.സി.എസ് എക്സിക്യൂട്ടീവ് അംഗങ്ങളും കെ.സി.സി.എൻ പ്രസിഡന്റ് ജോണി പുത്തൻ പറമ്പിലും കെ.സി.എസ് സ്പിരിച്വൽ ഡയറക്ടർ ഫാ. ഫിലിപ്പ് തൊടുകയിലും കൂടി ഒഹയർ വിമാനത്താവളത്തിൽ വച്ച് സ്വീകരിക്കുകയുണ്ടായി.

Read this News letter online @
www.kcschicago.com

KCS

KNANAYA CATHOLIC SOCIETY OF CHICAGO
5110 N. Elston Ave., Chicago IL 60630

ADDRESS CORRECTION REQUESTED